**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2356** **30-09-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ ഭക്ഷ്യപൊതുവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിൽ അഴീക്കോട് മണ്ഡലത്തിലെ അഞ്ചു പഞ്ചായത്തുകളിലും രണ്ടു കോർപ്പറേഷൻ സോണുകളിലുമായി ഭക്ഷ്യപൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | 1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തിൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% ജനങ്ങളും റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമാക്കുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority subsidy) കാർഡിൽ ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണം ചെയ്യുന്നു.<br><br>ഈ സർക്കാരിന്റെ കാലയളവിൽ അഴീക്കോട് നിയമസഭാ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലും രണ്ട് കോർപ്പറേഷൻ സോണുകളിലുമായി ആയിരത്തോളം മുൻഗണനാ റേഷൻ കാർഡുകളും, കൂടാതെ പുതിയ റേഷൻ കാർഡിന് അപേക്ഷിച്ചവർക്കെല്ലാം റേഷൻ കാർഡുകളും അനുവദിച്ചിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിനായി റവന്യൂ ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്ന് പൊതുവിപണിയിൽ പരിശോധനകൾ നടത്തി വരുന്നു.<br><br>കെ-സ്റ്റോർ – റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായാണ് കെ- |

| | | | |
|---|---|---|---|
| | | | സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. അഴീക്കോട് മണ്ഡലത്തിൽ നിലവിൽ 4 കെ-സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. (ന്യായവിലക്കട നമ്പർ 2366250, 2366170, 2366121, 2366161)<br><br>ഒപ്പം പദ്ധതി:- സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽ നിന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായിട്ടാണ് 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലൂടെ വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഒപ്പം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10ന് മുമ്പ് ഓട്ടോറിക്ഷ തൊഴിലാളികൾ സൗജന്യമായി വീട്ടിൽ എത്തിക്കും. ഒപ്പം പദ്ധതി പ്രകാരം അഴീക്കോട് മണ്ഡലത്തിൽ 4 ഉപഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ